(ബി) ജല നിർഗമന സാദ്ധ്യതകൾ അടഞ്ഞു കിടക്കുന്നതിനാലുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് മുട്ട് തുറന്നുകൊടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഈ അപ്രോച്ച് റോഡിൽ ഇട്ടിരിക്കുന്ന ടെലിഫോൺ കേബിൾ, വാട്ടർ സപ്ലൈ പൈപ്പ് എന്നിവ മാറ്റുന്നതിനുള്ള കാലതാമസമാണ് മുട്ടു നീക്കം ചെയ്യുന്നതിനുള്ള പണി തടസ്സപ്പെടുത്തിയത്. എന്നാൽ ഇപ്പോൾ ഭാഗികമായി ഈ മുട്ടുകൾ നീക്കം ചെയ്തിട്ടുണ്ട്. ബാക്കി പണികൾ ഉടനെ ചെയ്യുന്നതാണ്.

അച്ചൻകോവിൽ നദിയിൽ നിർമ്മിക്കുന്ന 'അമ്പലക്കടവ്' പാലത്തിന്റെ പണി

131 (734) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ അച്ചൽകോവിൽ നദിയിൽ നിർമ്മിക്കുന്ന 'അമ്പലക്കടവ്' പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി 2001 മാർച്ചിൽ തന്നെ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു അബഡ്മെന്റിന്റേയും രണ്ടു പിയറിന്റേയും ഒരു സ്ലാബിന്റേയും പണി പൂർത്തികരിച്ചു. അടുത്ത അബഡ്മെന്റിന്റെ പണി പുരോഗതിയിലാണ്. 60% പണി പൂർത്തികരിച്ചു.

(ബി) 2001 മാർച്ച് 31-നകം പണി പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കുമ്മിപ്പള്ളി-കെൽട്രോൺ റോഡിന്റെ പണി

132 (735) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കുമ്മിപ്പള്ളി-കെൽട്രോൺ റോഡിന് എന്നാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയത് ;

(ബി) എന്തു തുകയ്ക്കുള്ള സാങ്കേതികാനുമതിയാണ് നൽകിയിട്ടുള്ളത് ;

(സി) ഈ തുക വർദ്ധിപ്പിച്ച് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ; എന്തു തുകയ്ക്കുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിവൈസ്ഡ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പു സെക്രട്ടറിക്ക് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ നിവേദനത്തിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 23-12-1997-ൽ

(ബി) 54.75 ലക്ഷം രൂപയ്ക്ക്

(സി) ഉണ്ട്. 31-10-2000-ൽ 1,01,43,115 രൂപയ്ക്കുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചിട്ടുള്ളത്.

(ഡി) ലഭിച്ചിട്ടുണ്ട്. ആവശ്യം പരിശോധിച്ചു വരുന്നു.

ഓടകളുടെ നിർമ്മാണം

133 (736) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഓടകൾ നിർമ്മിക്കുവാൻ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓടകൾ നിർമ്മിക്കുവാൻ സർക്കാരിന്റെ അനുമതി ആവശ്യമുണ്ടോ ;

(സി) കാഞ്ഞിരംകുളം പിഡബ്ല്യൂഡി. സെക്ഷനിൽപ്പെട്ട ബാലരാമപുരം -വിഴിഞ്ഞം റോഡിൽ ആർ.സി. തെരുവു മുതൽ മംഗലത്തുകോണം വരെ ഓട നിർമ്മിക്കുവാൻ ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ അത് പൂർത്തിയാക്കാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി & ഡി) പ്രസ്തുത പണിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കു വേണ്ടി പരിശോധിച്ചു വരുന്നു.

കായിക്കര കടവിൽ പാലം നിർമ്മിക്കുന്നതിനുള്ള നടപടി

134 (737) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായിക്കര കടവിൽ പാലം നിർമ്മിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly